# ജില്ലാ സാക്ഷരതാമിഷൻ മലപ്പുറം
# DISTRICT LITERACY MISSION, MALAPPURAM
(under Kerala State Literacy Mission Authority, General Education Department, Govt.of kerala)

സിവിൽ സ്റ്റേഷൻ, മലപ്പുറം- 676 505, PH: 0483-2734670, mpm.literacy@gmail.come


Ref : സി1/GA-25/DLM/25 Date : 03/06/2025

പ്രസിദ്ധീകരണത്തിന് :

## പച്ചമലയാളം അടിസ്ഥാന കോഴ്സ് രജിസ്ട്രേഷൻ ജൂൺ 16 വരെ

മലപ്പുറം :

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടപ്പിലാക്കുന്ന ഭാഷാകോഴ്സ് പച്ചമലയാളം അടിസ്ഥാന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാം. പച്ചമലയാളം അടിസ്ഥാന കോഴ്സ് , പച്ചമലയാളം അഡ്വാൻസ് കോഴ്സ് എന്നിങ്ങനെ ഒരു വർഷം ദൈർഘ്യമുള്ള രണ്ട് ഭാഗങ്ങളായാണ് കോഴ്സ് നടത്തുന്നത്. മലയാളം മീഡിയത്തിൽ പഠിക്കാൻ അവസരം ലഭിക്കാത്തവർക്കും മലയാളത്തിൽ സാമാന്യ പരിജ്ഞാനം ആഗ്രഹിക്കുന്നവർക്കുമായി പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയതാണ് പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ്. എസ്. സി ഇ ആ ർ ടി തയ്യാറാക്കിയ പാഠപുസ്തകങ്ങളാണ് കോഴ്സിന് ഉപയോഗിക്കുന്നത്.

60 മണിക്കൂർ ഓഫ്‌ലൈൻ ക്ലാസുകളും 30 മണിക്കൂർ ഓൺലൈനുമായാണ് പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ ക്ലാസുകൾ. ഞായറാഴ്ചകളിലും മറ്റു പൊതു അവധി ദിവസങ്ങളിലുമാണ് ഓഫ്‌ലൈൻ ക്ലാസുകൾ നടക്കുന്നത്. അടിസ്ഥാന കോഴ്സ് വിജയിക്കുന്നവർക്ക് അഡ്വാൻസ് കോഴ്സിൽ ചേർന്ന് പഠിക്കാം. രജിസ്ട്രേഷൻ ഫീസ് 500 രൂപയും കോഴ്സ്ഫീസ് 3500 രൂപയുമാണ് .2025 ജൂൺ 16 വരെ രജിസ്റ്റർ ചെയ്യാം. പത്താംതരം വിജയിച്ച 17 വയസ്സ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. http:\\www.literacymissionkerala.org , kslma.keltron.in എന്നീ സൈറ്റുകൾ മുഖേന ഓൺലൈനായി അപേക്ഷിച്ചതിന് ശേഷം അപേക്ഷയുടെ പ്രിന്റ് , രേഖകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം സിവിൽ സ്റ്റേഷിനിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാമിഷൻ ഓഫീസിൽ എത്തിക്കണം. തദ്ദേശ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാർ മുഖേനയും രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സാക്ഷരതാമിഷൻ ഓഫീസ് ഫോൺ നമ്പർ 04832- 2734670

**വിശ്വസ്തതയോടെ,**

Deepa

DISTRICT PROJECT CO-ORDINATOR
LITERACY MISSION
CIVIL STATION, MALAPPURAM

(C): \Users\USER\Desktop\News2025